ടെക്നോളജി മിഷൻ പദ്ധതികളുടെ ലക്ഷ്യങ്ങൾ

123 (1851) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോളജി മിഷൻ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എത്രയെണ്ണം നാളിതുവരെ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 2009-10 വർഷത്തിൽ സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗ്രാമീണ സ്കൂളുകളിലേക്ക് ശുദ്ധജലവിതരണം നടത്തുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുവാനായി ലക്ഷ്യമിട്ട് കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളാണ് "ടെക്നോളജി മിഷൻ പദ്ധതികൾ" സംസ്ഥാനത്ത് കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കായി സമീപത്തുള്ള സുരക്ഷിത സ്ത്രോസ്സുകളിൽനിന്നുള്ള ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള പദ്ധതികളാണ് ടെക്നോളജിമിഷൻ പദ്ധതികളിൽപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

(ബി). സംസ്ഥാനത്ത് ടെക്നോളജി മിഷൻ പദ്ധതി റിവൈസ്ഡ് സബ്മിഷൻ പദ്ധതി എന്നീ വിഭാഗങ്ങളിൽപ്പെടുത്തി 15 പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ നാളിതുവരെ '6' പദ്ധതികൾ കമ്മിഷൻ ചെയ്തു കഴിഞ്ഞു. കൂടാതെ രണ്ടുപദ്ധതികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 2009-10 വർഷത്തിൽ സംസ്ഥാന സർക്കാർ വിഹിതമായി '400' ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ഡി) കേന്ദ്ര ധന സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 50:50 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെലവ് വഹിച്ച് 1934 ഗ്രാമീണ സർക്കാർ സ്കൂളുകൾ/ അംഗൻവാടികൾ എന്നിവയിലേക്കുള്ള കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 80 ഗ്രാമീണ സ്കൂളുകൾ/അംഗൻവാടികൾ എന്നിവയിലേക്കുള്ള കുടിവെള്ള പദ്ധതികളുടെ പണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 175 ഗ്രാമീണ സ്കൂളുകളിൽ ശുദ്ധജല വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ (മഴവെള്ള സംഭരണി, ബോർവെൽ, കിണറുകൾ) തുടങ്ങിയവ ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly